ഒററമസൂരി ചികിത്സകന്മാരായി സാധാരണ നടക്കുന്നവർ വൈദ്യശാസ്ത്രത്തിൽ കേവലം അപരിചിതന്മാരാണ്. ഒന്നോ രണ്ടോ കഷായയോഗങ്ങളും, ഒരു ധാരയും, കുഴമ്പും മാത്രം ഗ്രഹിച്ചുകൊണ്ടു ചികിത്സിപ്പാൻ നടക്കുന്നവർ ഗുണത്തിലധികം ദോഷം ചെയ്യുന്നത് അതിശയനീയമല്ലല്ലൊ. അങ്ങിനെയുള്ളവർ ഈ ചെറിയ പുസ്തകത്തെ നല്ലവണ്ണം അഭ്യസിച്ചാൽ അതു തങ്ങൾക്കും മററുള്ളവർക്കും എത്രയോ പ്രയോജനകരമായിരിക്കും!

VIDYARATNAM BOOKS

പൊട്ടുന്നവെ ഉണ്ടാകുന്നതും യാദൃച്ഛികമായി ജീവനാശത്തെ ചെയ്യുന്നതുമായ ഒററമസൂരിയുടെ സമ്പ്രദായത്തെയും ചികിത്സയേയും എല്ലാജനങ്ങളും ഏററക്കുറെ അറിഞ്ഞിരിക്കേണ്ടത് ഏററവും ആവശ്യവും അത്യന്തം ഉപകാരപ്രദവുമായിട്ടുള്ളതാണ്.

ടി. സി. പരമേശ്വരൻ മൂസ്സത്

ധന്വന്തരി ഉപപത്രാധിപർ.

# ഒററമസൂരി
# ചികിത്സാ.

## ൧-ാം അദ്ധ്യായം.

### ൧. പലവിധപേരുകൾ.

അഗ്നിമസൂരി, ക്ഷുദ്രമസൂരി, ഒററമസൂരി എന്നീ മൂന്നു പേരുകളും പ്രസ്തുതരോഗത്തിന്ന് ഉപയോഗിക്കാമെങ്കിലും, ഇതിന്നും, ആദ്യം പറഞ്ഞിട്ടുള്ള രോഗങ്ങൾക്കും, തമ്മിൽ പ്രായേണ സ്വഭാവഭേദം ഭവിച്ചിട്ടുള്ളതുകൊണ്ടും പൊതുജനങ്ങൾക്കായി ഉദ്ദേശിക്കപ്പെട്ടിട്ടുള്ള ഈ പുസ്തകത്തിൽ വ്യാധിക്കു ജനങ്ങളുടെ ഇടയിൽ സർവ്വസാധാരണമായി നടന്നുവരുന്ന നാമത്തെ ഉപയോഗിക്കുന്നത് അധികം യുക്തമാകയാലും ഒററമസൂരി എന്ന പേരു തന്നെ ഇവിടെ സ്ഥാപിച്ചിരിക്കുന്നു.

### ൨. രോഗഹേതുകൾ.

ഗ്രഹസംക്രമദോഷങ്ങൾ, സംചലനവായുവിൽ വിഷകരമായ ചില ബീജങ്ങളുടെ ആവി

ചെയ്യു— ഇത്യാദി ലക്ഷണങ്ങളും കാണുന്നു. കുരുകളെ മിക്കവാറും ഒററയായിട്ട് ഉത്ഭവിക്കുന്നു. ചിലതിന്ന് ഒന്നിലധികവും കാണും.

## ൨. പ്രത്യേക ലക്ഷണങ്ങൾ.

### (൧) പിടകാലക്ഷണം.

ആരംഭത്തിങ്കൽ പനി, തലവേദന, കൈകാലുകൾ കഴയ്ക്കുക, പാൾശ്വശൂല, മലബന്ധം മുതലായ ലക്ഷണങ്ങൾ ഉണ്ടാകുന്നു. അനന്തരം കുരു ദൃശ്യമാകുന്നു. കുരുവിന്റെ ആകൃതി തടിച്ച്, പരന്ന്, ചുവന്ന്, നടുവിൽ അല്പം കുഴിഞ്ഞ്, മാംസാശ്രയമായ ശോഫത്തോടും, അല്പം വേദനയോടുംകൂടി ഇരിക്കും. സാമാന്യമായി ഈ കുരു മാംസത്തിൽ മുങ്ങി നീരേലി പഴത്തിന്നു സദൃശമായി കാണും. വാതശരീരികളെയാണ് ഇത് അധികം ബാധിക്കുന്നത്. ഈ കുരു മധ്യകായത്തിൽ ജനിച്ചാൽ മൂത്രബന്ധം മദമ്യേഹ, ദേഹം വിറയൽ ഇതുകളും ഉണ്ടാകും. പിടകാ ചികിത്സയാൽ സാദ്ധ്യമായി ഭവിക്കുന്നു. ഗതി ൧൫ ദിവസങ്ങൾ വരെയുണ്ടാകാം.

### (൨) വിസപ്പ ലക്ഷണം.

ജ്വരം, ശിരശ്ശൂല, തൃഷ്ണ, മോഹാലസ്യം,

ബലഹീനത, രോമാഞ്ചമയിർക്കൊൾക, ഛർദ്ദി, ദേഹവും കണ്ണും നാവും മഞ്ഞ നിറമായിരിക്കുക, ശോഫം ഇത്യാദി ലക്ഷണങ്ങളോടുകൂടി വിസർപ്പമെന്ന കുരു പുറപ്പെടുന്നു. ഇത് ആകൃതിയിലും, വർണ്ണത്തിലും ഏകദേശം കരിക്കൊടിപ്പുഴം പോലെയും, നടു കുഴിഞ്ഞതും, വൃത്താകാരമായും, മാംസത്തിൽ മുങ്ങിയുമിരിക്കും. മദ്ധ്യാവസ്ഥയിൽ ഈ കുരുവിൽനിന്ന് ഒരു വക കൊഴുപ്പോടുകൂടിയ ചെന്നീർ സ്രവിക്കുന്നു.

അന്ത്യാവസ്ഥയിൽ പാണ്ഡുവിൻെറ സമ്പ്രദായത്തിലുള്ള അധികമായ ശോഫവും മലമൂത്രബന്ധവും ഘോരമായ സന്താപവും മൂർഛയും ശ്വാസവും ഉണ്ടാകയും ചെയ്യുന്നു. ഈ കുരുവിൻെറ ഗതി ചിലപ്പോൾ ൧൫ ദിവസങ്ങൾ വരെ ദീർഘിക്കുന്നു. വിസർപ്പം കൃച്ഛ്രസാദ്ധ്യമാണ്. [സൂക്ഷ്മമായ ചികിത്സയും പരിചരണവും കൊണ്ടു ഗുണം വന്നേക്കാവുന്നതാണ്.]

(ന) വിസ്ഫോടലക്ഷണം.

വിസ്ഫോടം ത്വക്കിനെ മാത്രം ആശ്രയിച്ചു വരുന്നതാകുന്നു. ആരംഭത്തിങ്കൽ അല്പമായ പനിയും കൈകാലുകൾ കഴയ്ക്കുകയും, കണ്ഠശോഷ

ന്നു ൰൨ ദിവസംകൊണ്ടു കുരു സുഖം വരികയും ചെയ്യുന്നു.

### ൬. ജലവൃഷ്ടികലക്ഷണം.

ത്രിദോഷജന്യമായ ഈ കുരു ആരംഭത്തിൽ കരവൃഷ്ടികയുടെ ലക്ഷണങ്ങളോടു കൂടിയിരിക്കും. ജലവൃഷ്ടിക ശരീരത്തിന്റെ അന്തർഭാഗത്തെ ബാധിക്കുന്നതും വിഷംപോലെ ശീഘ്രകാരിത്വമുള്ളതും ഏററവും ഭയങ്കരവുമായ ഒരു രോഗമാകുന്നു. കക്ഷഭാഗത്തും പാർശ്വങ്ങളിലും അകത്തും പുറത്തും ചെമ്പരത്തിപ്പൂവർണ്ണമായി കാണും. കഴലസ്ഥാനങ്ങളിൽ ശോഫം അധികമായിട്ടുണ്ടാകുന്നതൊഴികെ ശേഷം പുറമേയുള്ള എല്ലാ ലക്ഷണങ്ങളും കരവൃഷ്ടികയുടെ ലക്ഷണങ്ങളെപ്പോലെതന്നെയായിരിക്കും. ഈ കുരു മിക്കവാറും ൩ ദിവസത്തിനകത്ത് അസാദ്ധ്യമായി ഭവിക്കുന്നു.

### ൭. സർഷപികലക്ഷണം.

ഇതും ത്രിദോഷജമായിട്ടുള്ളതും മറെറല്ലാ മസൂരികളിലും, ഓറമസൂരികളിലുംവെച്ച് ഏററവും ഭയങ്കരമായിട്ടുള്ളതുമാകുന്നു. ഇതിന്റെ ലക്ഷണങ്ങൾ മിക്കവാറും ജലവൃഷ്ടികയ്ക്കു തുല്യങ്ങളായിരിക്കും. പ്രത്യേകിച്ചു പാർശ്വങ്ങളുടെ അന്തർ

ങ്ങളിൽ ചെറിയ കടുകിന്നു സമാനമായ കുരുക്കൾ ഉണ്ടാകും. രക്തസ്രാവവും, മൂർഛയും സന്താപവും, ശ്വാസകോപവും അതികലശലായി ഉണ്ടാകയും ചെയ്യും. ഈ കുരുവിന്നു രക്തരോഹിണി, രക്തകണ്ടകി എന്നും പേരുകൾ പറയപ്പെട്ടുന്നുണ്ട്. ഇത് ൩ ദിവസങ്ങൾക്കുള്ളിൽ അസാദ്ധ്യമായി ഭവിക്കുന്നു. മൃതശരീരത്തിന്റെ പാർശ്വഭാഗം നോക്കിയാൽ കടുകുപോലെയുള്ള കുരുക്കൾ നിഴലിച്ചു കാണാവുന്നതാണ്.

മേൽവിവരിച്ച എട്ടുതരം കുരുക്കളിൽ പിടക, ധാന്യക എന്നീ രണ്ടുവക ഒഴിച്ച ശേഷമെല്ലാം സാധാരണയായി മർമ്മസന്ധികളിൽ ഉത്ഭവിക്കുന്നു. രക്തപുഷ്ടിയും യൌവനപ്രായവുമുള്ളവർക്ക് മിക്ക കുരുക്കളും അസാദ്ധ്യമായി ഭവിച്ചാണ് കണ്ടുവരുന്നത്.

ഓറമസൂരിയുടെ കുരുക്കളിൽനിന്നു സർപ്പവിഷത്തെപ്പോലെ ശീഘ്രകാരിത്വവും നാശകരശക്തിയുമുള്ള ഒരു വിഷം ശരീരത്തിൽ വ്യാപിക്കുന്നു. അതിൽ ചിലതിന്ന് അല്പശക്തിയും മററചിലതിന് അധികശക്തിയുമുണ്ട്. ആദ്യം പറഞ്ഞവ ഇന്ദ്രിയങ്ങളുടെ സ്വാഭാവിക പ്രവൃത്തികളെ തടുക്കുന്നു. ഒടുവിൽ പറഞ്ഞവ രക്തസരണത്തെ നി

കുരു പഴുത്തുപൊട്ടിയാൽ പിന്നെ വ്രണരോപണാദി തൈലം പുരട്ടുക.

കടുക കാഞ്ഞിരത്തിന്റില ഇവ ഇട്ട വെള്ളം വെന്ത് അതുകൊണ്ടു നല്ലവണ്ണം കഴുകുകയുംവേണം. കുരുവിന്റെ തൂണി കൊഴിഞ്ഞുപോയാൽ പിന്നെ എണ്ണതേച്ചു കുളിക്കുകയും ചെയ്യാം. [വ്രണരോപണാദി തൈലയോഗം ഇനിയത്തെ അദ്ധ്യായത്തിൽ കാണിച്ചിട്ടുണ്ട്.]

൨. വിസർപ്പ ചികിത്സ.

ഇവിടെയും വിരേചന ഔഷധങ്ങളാണ് ആദ്യം കൊടുക്കേണ്ടത്. അവിപത്തിചൂർണ്ണമൊ മുന്തിരിങ്ങാപ്പഴം, കടുക്ക, നെല്ലിക്ക, ത്രികൊല്പക്കൊന്ന ഇവകൊണ്ടുള്ള ശൃതകഷായം ശർക്കര അനുപാനമായിട്ടോ, സേവിപ്പിക്കാം. പിന്നെ കദളിവാഴവേർ, താമരവളയം, കരിമ്പ്, മുന്തിരിങ്ങാപ്പഴം, കൂവളത്തിൻവേർ, കുമിഴിൻവേർ, കരിങ്ങാലിക്കാതൽ, നെല്ലിക്ക, ഇരട്ടിമധുരം, ചതകുപ്പ, അഞ്ജനക്കല്ലു, ഇരുവിക്കിഴങ്ങ, ചന്ദനംരണ്ടും, ഇവകൊണ്ടുള്ള കഷായത്തിൽ പൊഴക്കൊമ്പു ഭസ്മം, പഞ്ചസാര ഇവ അനുപാനംചേർത്തു സേവിപ്പിക്ക. ചന്ദനം, ജീരകം, പുത്തരിച്ചുണ്ടവേർ, ആടലോടകൻകിഴങ്ങ, ഇതുകൾകൊണ്ടുള്ള കഷായത്തിൽ സഞ്ജീവനി ഗുളികയും പഞ്ചസാരയും

അനുപാനം ചേൎത്തു കൊടുക്കുക. വിസൎപ്പത്തിങ്കൽ എല്ലാ അവസ്ഥയിലും ഈ കഷായം കൊടുക്കാം. അന്ത്യാവസ്ഥയിൽ മേൽപറഞ്ഞ ഗുളികതന്നെ കരിമ്പനക്കൂമ്പു, ജീരകം ഇവ കൊണ്ടുള്ള കഷായത്തിലും, കരിമ്പു മുന്തിരിങ്ങാപ്പഴം, മരമഞ്ഞത്തൊലി ഇവ കൊണ്ടുള്ള കഷായത്തിലും, തമിഴാമവേർ ചെറുവഴുതിനവേർ ഇവ കൊണ്ടുള്ള കഷായത്തിലും, അരിവെള്ളത്തിലും, പനിനീരിലും മുലപ്പാലിലും പഞ്ചസാരയും ചേൎത്തു കൊടുക്കാം. ഇളനീർചുട്ട് അതിന്റെ വെള്ളം കുറേശ്ശെ പഞ്ചസാര ചേൎത്തു കൊടുക്കാം. മീനങ്ങാണികഷായത്തിൽ പഞ്ചരത്നഗുളിക അരച്ചു സേവിപ്പിക്കാം. അപ്രകാരം തന്നെ ഹംസപാദികഷായത്തിൽ, കസ്തൂരിയും മുത്തും കുറേശ്ശെ അരച്ചു പഞ്ചസാര ചേൎത്തു കൊടുക്കാം.

മീനങ്ങാണി ഇളനീർവെള്ളത്തിൽ അരച്ചു കുരുവിന്മേൽ പുരട്ടുക. ശോഫത്തിന്ന—ചന്ദനം കരിങ്ങാലിക്കാതൽ നെല്ലിക്ക രാമച്ചം കാവിമണ്ണ് ഇവ സമം ചന്ദനകഷായത്തിൽ അരച്ചു പുരട്ടുക.

അരയാലിൻതൊലി പേരാലിൻതൊലി ചുവന്നുള്ളി ഇവ സമം പച്ചവെള്ളത്തിൽ ഇടിച്ചു പിഴിഞ്ഞരിച്ചു കുറുക്കി കുഴമ്പാക്കി പുരട്ടുന്നതും ശോഫത്തെ കളയുന്നതിന്നു നല്ലതാണ്.

നീർ, കതളിവാഴക്കിഴങ്ങിൻ നീർ, കരിമ്പിൻനീർ ഇതുകളെക്കൊണ്ടുള്ള ധാരകളും ഉത്തമം. ഈൎച്ചള്ളി ചാച്ച്യകിഴികെട്ടി പടിക്കാരവെള്ളത്തിലിട്ട് ആ കിഴി ദേഹത്തിൽ നടത്തുന്നത് ഗുണകരമായി കണ്ടിട്ടുണ്ട്.

ഇതുകൾ കൂടാതെ വിസപ്പ്മെന്ന കുരുവിന്നു വിധിച്ചിട്ടുള്ള ചികിത്സകളും യുക്ത്യാനുസരണം ഇവിടെ ഉപയോഗിക്കാവുന്നതാണ്.

൫. കാവുപ്പിക ചികിത്സ.

VAIDYARATNAM BOOKS

ഈ കുരുവിന്നും ആദ്യം വിരേചനം തന്നെ ആവശ്യം. പിന്നെ വിസപ്പ്മെന്ന കുരുവിന്നു വിധിച്ചിട്ടുള്ള ചികിത്സകൾ ഉപയോഗിക്കാം. വിശേഷാൽ, കരിമ്പ്, നറുനിണ്ടിക്കിഴങ്ങു മുന്തിരിങ്ങാപ്പഴം ചന്ദനം ഇവകൊണ്ടുള്ള കഷായത്തിൽ കൽക്കണ്ടം ചേത്തും, താമരത്തണ്ടു, കിഴങ്ങ്, അല്ലി, ചെറുചിറ, ചന്ദനം, ജീരകം ഇവകൊണ്ടുള്ള കഷായത്തിൽ കസ്തൂരിയും കൽക്കണ്ടവും അനുപാനമായിട്ടും സേവിപ്പിക്കുക. മീനങ്ങാണി കഷായത്തിൽ സഞ്ജീവനി ഗുളികയും, മുലപ്പാലിൽ പൌഴഭസ്മവും പഞ്ചസാര ചേത്ത് ഉപയോഗിക്കുന്നത് ഏററവും നല്ലതാണ്.

൬. ധാന്യകചികിത്സ.

ആദ്യം വിരേചനത്താൽ കോഷ്ഠശുദ്ധി വരുത്തുക. പിന്നെ പാടകക്കു വിധിച്ചിട്ടുള്ള ചികിത്സ നടത്തുക. വിശേഷാൽ പൊന്നാങ്ങാണി കഷായം പഞ്ചസാര അനുപാനം ചേൎത്തു കൊടുക്കുക.

൭. ജപപുഷ്പിക ചികിത്സ.

രോഗിയെ ക്രമപ്രകാരം വിരേചിപ്പിച്ചശേഷം ശലാക കാച്ചി അതുകൊണ്ടു രക്തനാഡി പൊള്ളിച്ചു പഴുപ്പിക്കുക. കടമ്പുംതൊലി ഇടിച്ചു കഷായം വച്ചു ധാരയിടുക. ആ കഷായം തന്നെ പഞ്ചസാര അനുപാനം ചേൎത്തു സേവിപ്പിക്കുക. പിന്നെ വിസൎപ്പത്തിന്നു വിധിച്ചിട്ടുള്ള ചികിത്സകളും നടത്തുക.

൮. സൎഷപികാ ചികിത്സ.

കുങ്കുമപ്പൂവുകഷായം, ഹിമജലം, പനിനീർ, കരുക്കള പുഴുങ്ങിയ വെള്ളം, കരിമ്പിൻനീർ, കരിമ്പിൻ കഷായം, ചന്ദനം, ജീരകം, എരട്ടിമധുരം ഇവകൊണ്ടുള്ള കഷായം, മുലപ്പാൽ- ഇതുങ്ങളിൽ സഞ്ജീവനി, പഞ്ചരത്നാദി എന്നീ ഗുളികകളും മററു ജീവരക്ഷകരങ്ങളായ ഔഷധങ്ങളും

ചേൎത്തു കൊടുക്കുക. സുന്നാമുക്കി കടുക്ക ത്രികോല്പക്കൊന്ന ഇവ സമം പൊടിച്ചു ചൂടുവെള്ളത്തിലിട്ടു് പഞ്ചസാരയും ചേൎത്തു കാൽ മണിക്കൂറു കഴിഞ്ഞു് അരിച്ചു് ആ വെള്ളം കൊടുക്കുക.

### ൯. അതിസാരം നിറുത്തുവാൻ.

കറാശാനി, ജാതിക്ക, ജീരകം ഇവ സമം വറുത്തുപൊടിച്ചു തേനിലൊ, കഞ്ഞിവെള്ളത്തിലൊ കൊടുക്കുക. ജീരകം അതിവിടയം കുടകപ്പാലരി ഇവ സമം പൊടിച്ചു തേനിൽ കൊടുക്കുക.

### ൰. മൂത്രബന്ധത്തിന്ന്.

ദൎഭവേർ ആററുദൎഭവേർ കരിമ്പു് കുമ്പളത്തണ്ടു, ഞെരിഞ്ഞിൽ ഇവ കഷായമൊ, ഞെരിഞ്ഞിൽ ചെറുവഴുതിന വേർ ഏലത്തരി ഇവകൊണ്ടുള്ള കഷായമൊ, കരിമ്പനവേർ കരിമ്പു് കല്ലൂർഞ്ഞിവേർ ഞെരിഞ്ഞിൽ ഇവ കൊണ്ടുള്ള കഷായമൊ പഞ്ചസാര ചേൎത്തു കൊടുത്താൽ മൂത്രബന്ധത്തെ കളയും.

ചെറുചീര അരച്ചു പഞ്ചസാര കൂട്ടി നാഭിയിങ്കൽ കുഴമ്പിടുക. അപ്രകാരം വെള്ളരിച്ചോറുകൊണ്ടും ചെയ്ക. കാടിയിൽ ഏലത്തരിയും, വെ

ടിയുപ്പും പൊടിച്ചിട്ട് അതിൽ ശീല നനച്ചു നാഭിയിലിടുന്നത് ഏറ്റവും നല്ലതാണ്.

വ്യ. ശോഫത്തിന്ന്.

ഇഞ്ചി, കടുക്ക, തമിഴാമവേർ ഇവകൊണ്ടുള്ള കഷായം പഞ്ചസാര ചേൎത്തു കൊടുക്കുക. പുളി നാലും കൊണ്ടുള്ള കഷായവും തമിഴാമ, കരിമ്പനവാഴയ്ക്കു, മുള്ളിലപ്പൂവ്വ് ഇവകൊണ്ടുള്ള കഷായവും അപ്രകാരം സേവിപ്പിക്ക.

വള്ളിപ്പാലയില, കടുക്ക, കോൽപുളിക്കുമ്പ്, വേട്ടാളൻകൂട് ഇവ സമം കാടിയിൽ അരച്ചുപുരട്ടുക. കാട്ടൊട്ടിവേർ, കറുത്തകാരയുടെവേരും ഇലയും, കാഞ്ഞിരത്തളിർ അരയാലും തൊലി എരട്ടിമധുരം ചന്ദനം ഉങ്ങണങ്ങല്ലരിപുത്തൊലി ഞെരിഞ്ഞൊലി വേട്ടാളൻകൂട് ഇവകൊണ്ടുള്ള കഴമ്പും നീരിനെകളയുന്നതാകുന്നു.

ൻ. കല്ലച്ചനീരഴയുവാൻ.

പോനലിവേർ തേങ്ങാപ്പാലിലും, ആശാളി ഈരുള്ളി ചെറനാരങ്ങ അല്ലി ഇവസമം തയിരിൻവെള്ളത്തിലും, നല്ലവണ്ണക്കംകുരു വറുത്തു കാടിയിലും, ആഴ്വേപ്പില, വരട്ടുമഞ്ഞൾ, പടിക്കാരം ഇവ സമം മോരിലും അരച്ചു കുഴമ്പുകൾ പൂ

മേദാ മഹാമേദാ ചന്ദനം ഏരട്ടിമധുരം ജീരകം
ല്ലത്തരി വാൽമുളക അഞ്ചിതകക പച്ചകർപ്പൂ
ത പവിഴം സ്വർണ്ണം വെള്ളി രുദ്രാക്ഷം കച്ചൂര
രം കുങ്കുമപ്പൂവ ഗോരോചനം നന്നാറിപച്ച
ളകം മനുഷ്യകപാലം പനത്തുകം എന്നു അ
വർനാലും ഭവാദ പുഴുവു കസ്തൂരി ഗോരോചന പണ
ത്തുകം എല്ലാം കൂട്ടി മുലപ്പാലിലും പനിനീരി
ലും ഒരു വാരം അരച്ചു കുന്നിപ്രമാണം ഗുളിക
യുരുട്ടി നിഴലിലുണക്കുക. ഇത് എല്ലാഓറമസൂ
രികൾക്കും മസൂരികൾക്കും മാത്രമല്ല ജ്വരം സ
ന്നികാസശ്വാസാദികൾ തൃഷ്ണ മൂർഛ ഇതുകൾക്കും
അനുപാന വിശേഷത്താൽ സർവ്വവ്യാധികൾക്കും
ഏറ്റവും പ്രയോജനകരമായിട്ടുള്ളതാകുന്നു.

### പഞ്ചരത്നാദിഗുളിക.

പവിഴം സ്വർണ്ണം വെള്ളി രുദ്രാക്ഷം ഇവ
എല്ലാറ്റിന്നും കുങ്കുമപ്പൂവും ചേർത്ത പനിനീരിൽ
അരച്ചു കുന്നിപ്രമാണം ഗുളിക ഉരുട്ടിനിഴലിലെ
ണക്കുക ഈ ഗുളിക മേൽപറഞ്ഞപ്രകാരമുള്ള ഗു
ണങ്ങൾ ചെയ്യുന്നതാണ്.

### ൫൩. ഔഷധങ്ങൾ സംസ്കരി.

### ക്കേണ്ടും വിധം.

കഷായങ്ങളുടെ മരുന്ന — ൫൨. കഴഞ്ചു ൪

തം ഒരിടങ്ങഴി വെള്ളത്തിൽ വെന്ത നാഴിയാക്കണം. ഇടിച്ചുപിഴിയുന്ന മരുന്നുകൾ—വെള്ളം തളിച്ചു ഇടിച്ചുപിഴിയണം. എണ്ണ കാച്ചുന്നതിന്നു—നാലുനാഴികഷായത്തിൽ (അല്ലെങ്കിൽനീരിൽ) ൮ കഴഞ്ചു വീതം കൽക്കം അരച്ചുചേൎത്ത നാഴി എണ്ണ ഒഴിച്ചു കാച്ചിഅരിക്കണം.

൮-ാം മസൂരി ചികിത്സാ

സമാപ്തം.

VAIDYARATNAM BOOKS